അനധികൃതമായി വീട്ടിലേക്ക് സിമന്റ് സ്ലാബ് വാർത്ത് വഴി ഇട്ടിരിക്കുന്നത് പൊളിച്ചുമാറ്റാൻ നടപടി

153(445) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നഗരസഭ പരിധിയിലുള്ള ശ്രീമതി. ഉമാദേവിയമ്മ, അമ്പലത്തിങ്കൽ എന്ന ആൾക്ക്, ഇവർ തൊട്ടടുത്ത സ്ഥലത്തിലും പൊതു റോഡിലും ചേർത്ത് അനധികൃതമായി വീട്ടിലേയ്ക്ക് സിമന്റ് സ്ലാബ് വാർത്ത് വഴിയിട്ടിരിക്കുന്നത് പൊളിച്ചുമാറ്റാൻ 1994-ലെ കേരള മുനിസിപ്പൽ ആക്ട് 406(1) പ്രകാരം തിരുവല്ല നഗരസഭ, ബി.പി. 1568/08 തീയതി 31-10-2008 നമ്പരായി നോട്ടീസ് കൊടുത്തിട്ട് ഇവർ പൊളിച്ചുമാറ്റാൻ തയ്യാറാകാത്തതിനെതിരെ നഗരസഭ യാതൊരു നടപടികളും സ്വീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് 12-ാം കേരള നിയമസഭയുടെ 14-ാം സമ്മേളനത്തിൽ 4063 നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിനു ലഭിച്ച മറുപടിയിൽ താലൂക്ക് സർവ്വേയറെക്കൊണ്ട് സ്ഥലം അതിർത്തി തർക്കം പരിഹരിക്കുന്നതിന് അളന്നു തിട്ടപ്പെടുത്തി നൽകാമെന്ന് സ്ഥലം കൈയ്യേറിയ വ്യക്തി അറിയിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവിടെ അതിർത്തിതർക്കം നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ മനപൂർവ്വം തൊട്ടടുത്ത സ്ഥലത്തിന്റെ മതിൽ കയ്യേറി വഴിക്കായി സിമന്റ് സ്ലാബ് വാർത്തിരിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃതമായി നിർമ്മിച്ചിരിക്കുന്ന സിമന്റ് സ്ലാബ് പൊളിച്ചു മാറ്റുന്നതിന് കക്ഷിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. അതിർത്തി തർക്കം പരിഹരിക്കുന്നതിന് താലൂക്ക് സർവ്വേയറെക്കൊണ്ട് അതിർത്തി അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് ഹാജരാക്കുന്നത് വരെ തുടർ പണികൾ നിർത്തി വയ്പിച്ചിട്ടുണ്ട്. അതിർത്തി അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വേയർക്ക് നഗരസഭയിൽ നിന്നും കത്ത് അയച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അതിർത്തി തർക്കം നിലവിലുണ്ടെന്ന് പരാതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ അതിർത്തി നിർണ്ണയിച്ച് ലഭിച്ചെങ്കിൽ മാത്രമേ തുടർ നടപടികൾ കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly